"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ കോതിപള്ളിക്കണ്ടി പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക പുനർ നിർണ്ണയിച്ച് എൽ.എ നിയമം 28 (എ) പ്രകാരം അനുവദിച്ചുകൊണ്ടും , എൽ.എ.ആർ നമ്പർ 413/2015, 412/15, 433/15 കേസുകളിൽ കക്ഷികൾക്ക് കോടതി ചെലവിനത്തിലുള്ള തുക അനുവദിച്ചുകൊണ്ടും പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1889/2025/PWD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. 21.06.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.902/2025/PWD
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 17.09.2025 തീയതിയിലെ CEPWD/21596/2022-FR10-PWD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി അനുബന്ധ റോഡ് നിർമാണവുമായി ബന്ധപ്പെട്ട് വിവിധ കേസുകൾക്ക് വിധിത്തുക അടവാക്കുന്നതിനായി പരാമർശം (1) പ്രകാരം 1,37,19,316/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

2) കോഴിക്കോട് ജില്ലയിലെ കോതി പള്ളിക്കണ്ടി അനുബന്ധ റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ആമിനേയിയുടെ അനന്തരവകാശികളായ ശ്രീമതി ഫാത്തിമ എം.പി മുതൽപ്പേർക്ക് നഷ്ടപരിഹാരത്തുക പുനർ നിർണ്ണയിച്ച് എൽ.എ നിയമം 28 (എ) പ്രകാരം 17,32,002/- രൂപ അനുവദിക്കേണ്ടതുണ്ടെന്നും കൂടാതെ കോതി പള്ളിക്കണ്ടി പാലം അനുബന്ധ റോഡ് വികസനം സംബന്ധിച്ച എൽ.എ.ആർ നമ്പർ 413/2015, 412/15, 433/15 എന്നീ കേസുകളിൽ ബഹു. പ്രിൻസിപ്പൽ സബ് കോടതിയുടെ 28/09/2020 തീയതിയിലെ ഉത്തരവ് പ്രകാരം

കക്ഷികൾക്ക് കോടതി ചെലവിനത്തിൽ **5186/-** രൂപ വീതം നൽകുന്നതിനായി ആകെ **15,558/-** രൂപ അനുവദിക്കേണ്ടതുണ്ടെന്നും, പരാമർശം **(1)** പ്രകാരം മുൻപ് പുതുക്കിയ ഭരണാനുമതി നൽകിയ **1,37,19,316/-** രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള **17,47,560/- (17,32,002+15558)** രൂപയും ചേർത്ത് **1,54,66,876/-**രൂപയുടെ പുതുക്കിയ ഭരണാനുമതി **5054-04-337-80-(PC)** എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കോതിപള്ളിക്കണ്ടി പാലം അനുബന്ധ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കലിനോടനുബന്ധിച്ച് മുൻപ് പുതുക്കിയ ഭരണാനുമതി നൽകിയ **1,37,19,316/-** രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള **17,47,560/-** രൂപയും ചേർത്ത് **1,54,66,876/-** രൂപയുടെ (ഒരുകോടിഅൻപത്തിനാല് ലക്ഷത്തി അറുപത്തിയാറായിരത്തി എണ്ണൂറ്റി എഴുപത്തിയാറ് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി **5054-04-337-80-(PC)** എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ , കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - **D1/262/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 19-12-2025 14:13:56

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്